കണ്ണൂർ സർവ്വകലാശാല
(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ്/SWC/4056/2019 തീയ്യതി: 24/06/2019

## പ്രസിദ്ധീകരണത്തിന്

## പി.ജി. - കോളേജ് തല സ്പോട്ട് അഡ്മിഷൻ ജൂൺ 26 ന്

പി.ജി. മൂന്നാം അലോട്ട്മെന്റിനുശേഷം ഒഴിവു വരുന്ന സീറ്റുകളിലേക്ക് ഗവ/എയ്ഡഡ് കോളേജുകളിൽ **ജൂൺ 26**ന് കോളേജ് തല സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്.ഒഴിവു വിവരങ്ങൾ ജൂൺ 25 ന് വൈകുന്നേരം വെബ്സൈറ്റില് പ്രസിദ്ധീകരിക്കുന്നതാണ്.സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നവർ ജൂൺ 26 ന് രാവിലെ 11.30ന് മുമ്പായി കോളേജിൽ ഹാജരായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.11.30 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.ഒന്നിലധികം കോളേജുകളിൽ സ്പോട്ട് അഡ്മിഷന് ഹാജരാകുന്നുണ്ടെങ്കിൽ വിദ്യാർത്ഥികൾ നേരിട്ട് ഹാജരാകണമെന്നില്ല. പകരം പ്രതിനിധിയെ അയച്ചാൽ മതിയാവും. ഓൺലൈൻ രജിസ്റ്റർ ചെയ്തവരെ മാത്രമെ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുകയുള്ളൂ.ഇതുവരെ ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവർക്ക് ജൂൺ 26 ന് രാവിലെ 11.30 നു മുമ്പായിhttp://admission.kannuruniversity.ac.inഎന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.ഓൺലൈൻ രജിസ്റ്റർ ചെയ്തവർക്ക് ജൂൺ 26 ന് രാവിലെ 11.30 മണി വരെ ഓപ്ഷൻ മാറ്റാനുള്ള സൗകര്യം ലഭ്യമാണ്.ഇതുവരെ അലോട്ട്മെന്റ് കിട്ടാത്ത വിദ്യാർത്ഥികൾക്കും, അലോട്ട്മെന്റിൽ നിന്ന് പുറത്തായ വിദ്യാർത്ഥികൾക്കും ഇതിനു മുൻപ് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുംഓപ്ഷൻ കൊടുത്ത എല്ലാ ഗവ./എയ്ഡഡ് കോളേജുകളിലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

## റാങ്ക് ലിസ്റ്റ്

ജൂൺ 26 ന് രാവിലെ 11.30 നു മുമ്പ് കോളേജില് ഹാജരായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉച്ചയ്ക്ക് 12.30 ന് മുമ്പായി നോഡൽ ഓഫീസർമാർ സർവ്വകലാശാലയെ അറിയിക്കുന്നതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല റാങ്ക് ലിസ്റ്റ് തയ്യാറാക്കി ജൂൺ 26ന് ഉച്ചയ്ക്ക് 2 മണിക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. ജൂൺ 26ന്കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

അൺ എയ്ഡഡ് കോളേജുകളിലെ സ്പോട്ട് അഡ്മിഷൻ **ജൂൺ28**ന് നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0497-2715261, 0497-2715284**എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാദ്)
രജിസ്ട്രാർക്കു വേണ്ടി